പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

**ക്ഷീരകർഷകർക്ക് തൊഴിലുറപ്പ് പദ്ധതി**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2985

21.06.2013 ൽ മറുപടിക്ക്

| ചോദ്യം. | | ഉത്തരം. | |
|---|---|---|---|
| ശ്രീമതി കെ. കെ. ലതിക | | ശ്രീ.കെ.സി.ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) | |
| (എ) | ക്ഷീര കർഷകരെ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ; | (എ) | ക്ഷീര കർഷകരുടെ തൊഴിലുമായി ബന്ധപ്പെട്ട ദൈനംദിന പ്രവൃത്തികൾ തൊഴിലുറപ്പ് പദ്ധതിയിൽ അനുവദനീയമല്ല. എന്നാൽ തൊഴിലുറപ്പ് നിയമത്തിലെ പട്ടിക-1 ൽ അനുവദനീയമായ പ്രവൃത്തികളിൽ ക്ഷീര കർഷക മേഖലയുമായി ബന്ധപ്പെട്ട് ക്ഷീര കർഷകർക്ക് സഹായകരമായ തൊഴുത്തിന്റെ ഈടുറ്റതറ/പുൽത്തൊട്ടി/ഗോമൂത്ര സംഭരണി നിർമ്മാണം, കാലിത്തീറ്റയ്ക്കാവശ്യമായ അസോള വളർത്തൽ എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നിരുന്നാലും കുറഞ്ഞത് രണ്ട് പശു/എരുമ വളർത്തി ക്ഷീര സഹകരണ സംഘത്തിൽ പാൽ വിറ്റ് ഉപജീവനം കഴിക്കുന്ന ക്ഷീര കർഷകരുടെ ദൈനംദിന പ്രവൃത്തികൾ തൊഴിലുറപ്പു പദ്ധതിയിലെ അനുവദനീയമായ പ്രവൃത്തിയിനമായി ഉൾപ്പെടുത്തണമെന്നാവശ്യപ്പെട്ട് സംസ്ഥാനം കേന്ദ്ര സർക്കാരിന് നിവേദനം സമർപ്പിച്ചിട്ടുണ്ടെങ്കിലും ഇതുവരെ അനുകൂല തീരുമാനം അറിയിച്ചിട്ടില്ല. |
| (ബി) | കേന്ദ്ര സർക്കാരിൽ ഇതിനായി എന്തെങ്കിലും പ്രൊജക്ട് സമർപ്പിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ: | (ബി) | ഇല്ല. |

| | | | |
|---|---|---|---|
| (സി) | ഉണ്ടെങ്കിൽ ഇതിനായി സംസ്ഥാന സർക്കാർ സമർപ്പിച്ച പ്രൊജക്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ? | (സി) | ബാധകമല്ല. |

സെക്ഷൻ ഓഫീസർ